കുറവും ചോദനം അധികവുമാകുമ്പോൾ ചരക്കിന്റെ വില കൂടുകയും, മറിച്ചാവുമ്പോൾ വില കുറയുകയുംചെയ്യുമെന്നതാണല്ലോ വിപണിയിലെ അലംഘ്യനിയമം. ആവശ്യമുള്ള വിവരങ്ങൾ അറിഞ്ഞശേഷം ഈ വിദഗ്ദ്ധർ ബുള്ളിയൻ അസോസ്യേഷനിലെത്തി അന്ന് ബോംബെയിൽ സ്വർണത്തിന്റെ പ്രാരംഭവില (ഓപ്പനിങ് റെയ്റ്റ്) പ്രഖ്യാപിക്കുന്നു. നിമിഷങ്ങൾക്കകം ഈ വില ഇന്ത്യയിലെ എല്ലാ നഗരങ്ങളിലുമുള്ള സ്വർണവ്യാപാരികൾ മനസ്സിലാക്കിക്കഴിയും. പിന്നീട് വൈകുന്നേരമാവുമ്പോഴേക്ക്, ചോദനത്തിന്റെ ഏററക്കുറച്ചിലനുസരിച്ച് വില കൂടുകയോ കുറയുകയോചെയ്യുന്നു. വില്പന നടത്തുന്ന സമയത്ത് അവസാനവില (ക്ലോസിങ് റെയ്റ്റ്) പ്രഖ്യാപിക്കപ്പെടുന്നു. പിറേറദിവസത്തെ പ്രാരംഭവില, തലേദിവസത്തെ അവസാന വിലകൂടി കണക്കിലെടുത്താണ് നിശ്ചയിക്കപ്പെടുന്നത്.

വരന്റെ പിതാവ് ആവശ്യപ്പെട്ടത്ര പൊന്നു കൊടുക്കാൻ കഴിയായ്കയാൽ, ആശിച്ചപോലെ മകളുടെ വിവാഹം നടത്താൻ കഴിയാതിരുന്ന എന്റെ സ്നേഹിതനു് ഈ വിവരങ്ങൾ വല്ല ആശ്വാസവും നൽകുമോ എന്നു് എനിക്കറിഞ്ഞുകൂടാ. നൂററാണ്ടുകൾക്കു മുമ്പ് ഭർത്തൃഹരി കണ്ടെത്തിയ 'സർവേ ഗുണാഃ കാഞ്ചനമാശ്രയന്തേ' (എല്ലാ ഗുണങ്ങളും സ്വർണത്തെ ആശ്രയിച്ചിരിക്കുന്നു) എന്ന അനുഭവപാഠം അദ്ദേഹത്തിന്റെ ഹൃദയത്തിൽ, കഠാരികൊണ്ടുള്ള ഒരു മുറിവുപോലെ നീറിക്കൊണ്ടിരിക്കുകയാണല്ലോ.

(10 ജനുവരി, 1988)

# 96. സ്വർണാഭരണം വാങ്ങുമ്പോൾ

ഇതു വായിക്കുന്ന നിങ്ങളിൽ പലർക്കും ഡോക്ടർ ഏറാടിയെ പരിചയമുണ്ടാവില്ല. പ്രശസ്തനായ ഒരു ധനശാസ്ത്ര പ്രൊഫസർ ആണ് അദ്ദേഹം. സേവനം തമിഴ്നാട്ടിലാണ്. വിദ്യാർത്ഥികൾക്കെല്ലാം സമ്മതൻ. ഗവേഷണപ്രസിദ്ധീകരണങ്ങളിൽ ഇടയ്ക്കിടെ എഴുതുന്ന പ്രബന്ധങ്ങൾ നിമിത്തം അക്കാദമിക് വൃത്തങ്ങളിലും പ്രസിദ്ധൻ. പഠിപ്പും പഠിപ്പിക്കലുമായി, മററു കാര്യങ്ങളിലൊന്നും വലിയ താല്പര്യമില്ലാതെ കഴിഞ്ഞുകൂടുന്നു. വരുമാനം മോശമല്ലെങ്കിലും, നാൾതോറും വർദ്ധിച്ചു വരുന്ന നിത്യനിദാനച്ചെലവുകളും കൂടെക്കൂടെയുള്ള പുസ്തകംവാങ്ങലും കഴിച്ചാൽ സമ്പാദ്യം മോശംതന്നെ.

ഡോക്ടർ ഏറാടിയുടെ ഇളയ അനുജത്തിയുടെ ഇളയ മകളുടെ കല്യാണമാണെന്നു നാട്ടിൽനിന്നു കത്തു വന്നു. അനുജത്തിമാരിൽ ഇളയവൾ ഏറാടിയുടെ വാത്സല്യഭാജനമാണ്; ഇളയ അനുജത്തിയുടെ ഇളയ മകളാണെങ്കിൽ കണ്ണിലുണ്ണിയും. വിവാഹാവസരത്തിൽ ആ കുട്ടിക്ക് ഉചിതമായ ഒരു സമ്മാനം നല്കണം. ഡോക്ടർ ഏറാടി ഭാര്യയുമായി ആലോചിച്ചു. ഭാര്യയ്ക്കാണെങ്കിൽ സംശയമൊന്നുമില്ല. സ്വർണാഭരണമല്ലാതെ എന്താണു വിവാഹസമ്മാനമായി കൊടുക്കുക? പണം കുറവാണെങ്കിൽ ആഭരണത്തിന്റെ തൂക്കം കുറഞ്ഞുകൊള്ളട്ടെ. ഏതായാലും കൊടുക്കുകയാണെങ്കിൽ അതു് സ്വർണംതന്നെയായിരിക്കണം.

ബാങ്കിലുള്ള സമ്പാദ്യത്തിൽനിന്നു് നാലോ അഞ്ചോ ആയിരം രൂപ, ധനശാസ്ത്രജ്ഞനു് അതൊരു നിസ്സാരസംഖ്യയാണെങ്കിലും അദ്ധ്യാപകനു വലിയൊരു തുകതന്നെ, വാങ്ങി ഡോക്ടർ ഏറാടിയും ഭാര്യയും ഒരു

വൈകുന്നേരം നഗരത്തിലെ പ്രധാന സ്വർണക്കട സന്ദർശിച്ചു. ആദ്യമായാണ് അദ്ദേഹം ഇത്തരമൊരു കടയിൽ പോകുന്നത്. പുസ്തകക്കടയിലേ പരിചയമുള്ളു. വീട്ടുസാമാനങ്ങൾ വാങ്ങാറുള്ളതു ഭാര്യയാണ്. സ്വണ്ണം രണ്ടുകൂട്ടരും വാങ്ങാറില്ല.

കട എയർകണ്ടീഷൻചെയ്തതാണ്. വെട്ടിത്തിളങ്ങുന്ന ഫർണിച്ചർ. ചുററും കണ്ണാടി. പലതരം ആഭരണങ്ങളുടെ പ്രദർശനം. കണ്ണഞ്ചിക്കുന്ന വൈദ്യുതപ്രകാശം. ഡോക്ടർ ഏറാടി ഇങ്ങനെയൊരു കട മുമ്പു സങ്കല്പിച്ചിട്ടുകൂടിയില്ല. അദ്ദേഹം പരുങ്ങലിലായി. പത്നിയും അമ്പരന്നു.

കടക്കാരൻ എഴുന്നേററ് പ്രൊഫസറെ സ്വാഗതംചെയ്തു. സുഖപ്രദമായ സോഫയിൽ ഏറാടിയെയും പത്നിയെയും ഇരുത്തി. കുടിക്കാൻ എന്തുവേണമെന്ന് ആരാഞ്ഞു. പ്രൊഫസർ പരുങ്ങുന്നതു കണ്ട്, കാപ്പിക്ക് ഓർഡർ കൊടുത്തു. എന്നിട്ട് സ്വയം ഇരിക്കാതെ, തൊഴുതുകൊണ്ടു ചോദിച്ചു: 'സാറിന് എന്നെ മനസ്സിലായോ?'

ഡോക്ടർ ഏറാടി തന്റെ ഓർമയിൽ പരതി. മുഖം പരിചിതം; പക്ഷേ, എവിടെവെച്ചാണു പരിചയമെന്ന് അറിഞ്ഞുകൂടാ. ഏറാടിയുടെ പരുങ്ങൽ കണ്ട് കടക്കാരൻ പറഞ്ഞു: 'ഞാൻ സാറിന്റെ ശിഷ്യനാണ്. രാമനാഥൻ. രാമനാഥൻ ചെട്ടിയാർ.'

ഇപ്പോൾ ഏറാടിക്ക് ഓർമവന്നു. സ്വർണവ്യാപാരി ദശരഥനാഥൻ ചെട്ടിയാരുടെ മകൻ രാമനാഥൻ. ഏതാനും വർഷംമുമ്പ് ബി. എ. ക്ളാസ്സിൽ പഠിച്ചിരുന്നു. അന്നൊരു മെലിഞ്ഞ ചെറുക്കനായിരുന്നു. ഇന്ന് എന്തുമാത്രം തടിച്ചിരിക്കുന്നു! എന്നാലും, മുഖത്തു നോക്കുമ്പോൾ പഴയ ശിഷ്യൻ രാമനാഥൻ തെളിഞ്ഞുവരുന്നുണ്ട്. ഡോക്ടർ ഏറാടിക്കു വലിയ സന്തോഷമായി. പരുങ്ങൽ മാറി.

പരിചയം പുതുക്കിക്കൊണ്ടിരിക്കെ കാപ്പിയെത്തി. രാമനാഥൻ ബി. എ. കഴിഞ്ഞ് അച്ഛന്റെ ബിസിനസ് ഏററുവാങ്ങി. അച്ഛൻ ചെട്ടിയാർ ഏറെ താമസിയാതെ മരിച്ചു. മകൻചെട്ടിയാർ ബിസിനസ്സിൽ സമർത്ഥനായിരുന്നു. പുതിയ ഈ ഷോറൂം സംവിധാനംചെയ്തത് അയാളാണ്.

ശിഷ്യന്റെ അഭിവൃദ്ധിയിൽ ഗുരു സന്തോഷിച്ചു. അയാളെ അകമഴിഞ്ഞ് അഭിനന്ദിച്ചു. പിന്നീട് തന്റെ ആവശ്യം പറഞ്ഞു: 'ഒരു വിവാഹസമ്മാനം വാങ്ങണം. രണ്ടു വള മതി.'

രാമനാഥൻ ഷോകേസ് തുറക്കാതെ, ഡോക്ടർ ഏറാടിയെയും പത്നിയെയും ഷോറൂമിനു പുറകിലുള്ള ഒരു മുറിയിലേക്കു കൂട്ടിക്കൊണ്ടു പോയി. അവിടെയുണ്ടായിരുന്ന ലോക്കർ തുറന്നു. പലതരം വളകൾ പുറത്തെടുത്തു. ആവശ്യത്തിനും തങ്ങളുടെ പണസ്സഞ്ചിക്കും യോജിച്ച രണ്ടു വളകൾ മിസ്സിസ് ഏറാടി തിരഞ്ഞെടുത്തു.

തിരികെ ഷോറൂമിൽ വന്നശേഷം, സ്വർണക്കച്ചവടത്തിന്റെ പ്രായോഗികവശങ്ങളെപ്പററി രാമനാഥനുമായി ഏറാടി സംഭാഷണം തുടങ്ങി. ശിഷ്യന്റെ അടുത്തു തനിക്ക് ഒട്ടേറെ പഠിക്കാനുണ്ടെന്ന് ഗുരുവിനു മനസ്സിലായി.

രാമനാഥൻ പറഞ്ഞു: 'സ്വർണക്കച്ചവടത്തിൽ സത്യസന്ധത പുലർത്തുക വിഷമമാണ്. വഞ്ചിക്കാനും വഞ്ചിക്കപ്പെടാനും അവസരങ്ങൾ ധാരാളം. സ്വർണവ്യാപാരികൾ പെട്ടെന്നു പണക്കാരാവുന്നതിന്റെ രഹസ്യം മറെറാന്നുമല്ല. കുലീനമായ ഒരു ലോഹമാണ് സ്വർണം. പക്ഷേ, അതിൽ കലർപ്പു കലർത്തുക എളുപ്പമാണ്. ആഭരണങ്ങളായി പണിത സ്വർണത്തിലെ കലർപ്പു കണ്ടുപിടിക്കുക അസാദ്ധ്യംതന്നെ. വേണമെങ്കിൽ വീണ്ടും ഉരുക്കണം. അതിന് ആരും മെനക്കെടുകയില്ലല്ലോ. അതിനാൽ ഇരുപത്തിരണ്ടു കാരററ് ഉള്ള ശുദ്ധസ്വർണമെന്ന നിലയിൽ

വില്ക്കപ്പെടുന്നതു പലപ്പോഴും ഇരുപതോ പതിനെട്ടോ പതിനാറുപോലുമോ കാരററ് ശുദ്ധിമാത്രമുള്ള, ചെമ്പുകലർന്ന സ്വർണമായിരിക്കും.

'ഇരുപത്തിരണ്ട് കാരററ് ശുദ്ധിയുള്ള സ്വർണത്തിന്റെ വിലയാണ ദിവസേന പത്രങ്ങളിൽ കാണുക. മൊത്തവ്യാപാരികൾ ഈ സ്വർണം പത്തു ഗ്രാമിനു 1770 രൂപ തോതിൽ വില്ക്കുന്നു എന്നുവെക്കുക. ആഭരണവ്യാപാരികൾ ഇത്രയും സ്വർണത്തിനു അഞ്ഞൂറു രൂപയോളം കൂട്ടി, ഏതാണ്ട് 1820 രൂപ വില പറയും. പണിക്കൂലി ഇതിനു പുറമെയാണ്. ഈ സ്വർണത്തിൽത്തന്നെ ചെമ്പുകലർത്തി കാരററ് കുറയ്ക്കുമ്പോഴോ?'

'സാധാരണയായി, 10,000 രൂപ വിലയ്ക്കുള്ള സ്വർണം ആഭരണമായി സാർ വാങ്ങുമ്പോൾ സാറിനു കിട്ടുക 7,930 രൂപയ്ക്കുള്ള സ്വർണം മാത്രമായിരിക്കും. 20,70 രൂപ സാറിനു നഷ്ടപ്പെടുന്നു. ഇനി സാർ ഇതു തിരികെ വില്ക്കുകയാണെന്നിരിക്കട്ടെ, സാർ കൊടുത്ത വിലയിൽനിന്നു മാത്രമല്ല, സാർ വാങ്ങിയ സ്വർണത്തിന്റെ യഥാർത്ഥവിലയിൽനിന്നു തന്നെ, ഇരുപതുമുതൽ ഇരുപത്തഞ്ചുവരെ ശതമാനം കുറഞ്ഞ വിലയ്ക്കേ ഞങ്ങൾ ഇതു വാങ്ങൂ. കാരണം, ആ അവസരത്തിൽ ഞങ്ങൾ സ്വർണത്തിന്റെ ശരിയായ മാററ്, അതിലെ കലർപ്പിന്റെ അളവ്, കൃത്യമായി കണക്കാക്കി പറയും. അതായതു്, 10,000 രൂപയ്ക്കു് സാർ വാങ്ങിയ ആഭരണം തിരികെ വിൽക്കുമ്പോൾ സാറിനു കിട്ടുക കഷ്ടിച്ച് 6,500 രൂപയായിരിക്കും.'

'ഉരുക്കിനോക്കാതെ നിറംകൊണ്ടു സ്വർണത്തിലെ കലർപ്പു കണക്കാക്കാൻ കഴിയുകയില്ലേ?' ഡോക്ടർ ഏറാടി ചോദിച്ചു.

'എത്ര പരിചയമുള്ള കണ്ണിനും അതു സാദ്ധ്യമല്ല'. രാമനാഥൻ പറഞ്ഞു: 'സ്വർണത്തിനു ഏതു നിറം വേണമെങ്കിലും കൊടുക്കാനുള്ള വിദ്യ ഞങ്ങളുടെ കൈയിലുണ്ട്. ശുദ്ധമായ തങ്കത്തിന്റെ മഞ്ഞനിറം; ചെമ്പു കലർന്ന പവന്റെ ചുവപ്പുനിറം. ഇനി വേണമെങ്കിൽ പാശ്ചാത്യർക്കു പ്രിയപ്പെട്ട പ്ലാററിനത്തിന്റെ വെള്ള നിറം. സാറിനു് ഇഷ്ടമുള്ള നിറത്തിൽ ഇതേ ഉരുപ്പടി ഞങ്ങൾ തരാം. ഒരാൾക്കും കൃത്രിമം കണ്ടുപിടിക്കാൻ കഴിയുകയില്ല.'

'ഉപഭോക്താക്കൾക്കു സംരക്ഷണം നൽകാൻ സർക്കാർ എന്തെങ്കിലും നടപടികൾ എടുക്കുന്നുണ്ടോ?' പ്രൊഫസറുടെ സംശയം.

'എന്തു നടപടി? മററു രാജ്യങ്ങളിൽ ചില നിയമങ്ങളെല്ലാമുണ്ട്. ഉദാഹരണത്തിനു്, ഇംഗ്ലണ്ടിൽ പ്രസിദ്ധരായ എല്ലാ ആഭരണവ്യാപാരികളും, അവർ വില്ക്കുന്ന ആഭരണങ്ങളിൽ, അവ ഉണ്ടാക്കാൻ ഉപയോഗിച്ച സ്വർണത്തിന്റെ മാററ് (കാരററ്) രേഖപ്പെടുത്തിയിരിക്കും. 'ഹാൾമാർക്ക്' എന്നാണ് ഇതിനെ പറയുക.'

'ഇന്ത്യയിലോ?'

'ലൈസൻസുള്ള ആഭരണക്കടക്കാർ തങ്ങളുണ്ടാക്കുന്ന സ്വർണാഭരണങ്ങളിൽ സ്വർണത്തിന്റെ മാററു രേഖപ്പെടുത്തണം' എന്ന ഒരു വകുപ്പ് ഇന്ത്യയിലെ സ്വർണനിയന്ത്രണ (ഗോൾഡ് കൺട്രോൾ) നിയമത്തിലുണ്ട്. പക്ഷേ, ഈ നിയമം നടപ്പിൽ വരുത്താൻ സർക്കാർ ശ്രദ്ധിച്ചിട്ടില്ല. ഉപഭോക്താക്കൾക്ക് ഇങ്ങനെ ഒരു നിയമമുണ്ടെന്ന അറിവുമില്ല. ആക്ഷേപമുണ്ടെങ്കിലല്ലേ അധികാരികൾ ശ്രദ്ധിക്കേണ്ടൂ? സ്വർണത്തിന്റെ ശുദ്ധി, ആഭരണം നശിപ്പിക്കാതെ തിട്ടപ്പെടുത്താൻ മാർഗമില്ലാത്തതിനാൽ, ആഭരണം വാങ്ങിയ ആരും ഇതുവരെ സ്വർണത്തിലെ കലർപ്പിനെപ്പററി പരാതിപ്പെട്ടിട്ടില്ല.'

ഡോക്ടർ ഏറാടി ഭാര്യയുടെ നേരെ നോക്കി. 'അറിഞ്ഞിട്ടു നാം ഇതു വാങ്ങണമോ?' എന്ന ചോദ്യമായിരുന്നു ആ നോട്ടത്തിൽ.

രാമനാഥൻ പറഞ്ഞു: 'ഇതെല്ലാം മററു വ്യാപാരികളുടെ കാര്യമാ

ണ്° സാർ! 'ചെട്ടിയാഴ്°സ്° ജൂവല്ലറി'യുടെ കാര്യം വ്യത്യസ്തമാണ്°. ഇവിടെ ഇരുപത്തിരണ്ടു കാരററിൽ കുറഞ്ഞ ഒരു ഉരുപ്പടിയും ഞങ്ങൾ ഉണ്ടാക്കുകയോ, വില്ക്കുകയോചെയ്യാറില്ല. തൃപ്തികരമല്ലെന്നു തോന്നുമ്പോൾ, ആർക്കും ഞങ്ങളോടു വാങ്ങിയ സാധനം തിരിച്ചുതരാവുന്നതേയുള്ളു. ഞങ്ങൾ വാങ്ങിയ വില ഞങ്ങൾ അപ്പോൾ തിരിച്ചുകൊടുക്കും.'

ശിഷ്യനെ സംശയിച്ചതിൽ ഗുരുവിനു മനോവേദന തോന്നി. അദ്ദേഹം ചിരിച്ചു. രാമനാഥൻെറ കൈയിൽനിന്ന്° ആഭരണപ്പെട്ടി—പ്ലാസ്റ്റിക്കിൽത്തീർത്ത്° അകത്തു വെൽവെററ്°വെച്ച ഒരു മനോഹരവസ്തു—അദ്ദേഹം വാങ്ങി. മിസ്സിസ്° ഏറാടി പേഴ്°സ്° തുറന്നു പണം എണ്ണിക്കൊടുത്തു.

'സാറിനു ട്രാൻസ്°പോർട്ട്° വേണമോ?'

'വേണ്ട, വേറെ ചില സാധനങ്ങൾകൂടി വാങ്ങാനുണ്ട്°. ഗുഡ്° ബൈ.'

പിറേറന്നു കാലത്തു പത്രം വായിക്കുമ്പോൾ, ഒരു വാർത്താശകലം ഡോക്ടർ ഏറാടിയുടെ പ്രത്യേക ശ്രദ്ധ പിടിച്ചുപററി. ആ വാർത്ത താഴെ കുറിക്കുന്നു:

ന്യൂഡൽഹി, ജൂലൈ 27.

'സ്വർണ (നിയന്ത്രണ) നിയമത്തിലെ മുപ്പതാം വകുപ്പിൽ സെൻട്രൽ എക്സൈസ്° വകുപ്പിലെ കളക്ടർമാർ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നു നിർദേശിക്കപ്പെട്ടിരിക്കുന്നു. ഈ വകുപ്പനുസരിച്ച്°, ആഭരണത്തിലെ സ്വർണത്തിൻെറ കാരററ്° എത്രയെന്നു ലൈസൻസുള്ള സ്വർണവ്യാപാരികൾ വാങ്ങുന്നവർക്കു സർട്ടിഫിക്കററ്° നല്കണം.

'ഇരുപത്തിരണ്ടുകാരററുള്ള സ്വർണമാണെന്നു പറഞ്ഞു പതിനെട്ടുകാരററ്° മാത്രമുള്ള സ്വർണംകൊണ്ടു നിർമിച്ച ആഭരണങ്ങൾ വില്ക്കുന്നതിനെപ്പററി മി. രാജനാഥ്° ശങ്കർശാസ്ത്രി ലോകസഭയിൽ ഉന്നയിച്ച ഒരു ചോദ്യത്തിനു മറുപടി പറയവേ, ഫിനാൻസ്° സ്റ്റേററ്° മിനിസ്റ്റർ ശ്രീ എസ്°. എം. കൃഷ്ണയാണ്° ഈ വിവരം വെളിപ്പെടുത്തിയത്°.

'ഈ നിയമപ്രകാരം ലൈസൻസുള്ള ആഭരണ വ്യാപാരികൾ, അവർ നിർമിക്കുകയോ വില്ക്കുകയോചെയ്യുന്ന ഓരോ ആഭരണത്തിലും, അതു നിർമിച്ച സ്വർണത്തിൻെറ മാററ്° (കാരററ്°) മുദ്രകുത്തിയിരിക്കണം. മുദ്രകുത്താൻ പററാത്തത്ര ചെറിയ ആഭരണങ്ങൾ മാത്രമേ ഈ നിയമത്തിൽനിന്ന്° ഒഴിവാക്കപ്പെടാവൂ. ഈ കാര്യം വ്യാപാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും, സെൻട്രൽ എക്സൈസിലെ കളക്ടർമാരോട്° ഇതു സംബന്ധിച്ച ജാഗ്രത പുലർത്താൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലോകസഭയിൽ എഴുതി സമർപ്പിച്ച ഒരു മറുപടിയിൽ മന്ത്രി പറഞ്ഞു.'

തലേന്നു വാങ്ങിയ വളകൾ ആഭരണപ്പെട്ടിയിൽനിന്നെടുത്ത്° ഡോ. ഏറാടി തിരിച്ചും മറിച്ചും നോക്കി. അതിൽ വല്ല മുദ്രയുമുണ്ടോ?

ഏറാടിയുടെ ഭാര്യയും നോക്കി, വളരെനേരം.

ഇനി ഏതെങ്കിലും ആഭരണം വാങ്ങുമ്പോൾ, നിങ്ങളും നോക്കൂ.

(16 സെപ്തംബർ, 1984)